(ബി) നിലവിൽ എവിടെയെല്ലാമാണ് ആറുവരി പാതകളുടെ നിർമ്മാണം നടത്തിവരുന്നത് ;

(സി) ആറുവരിപാതകളുടെ നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കാൻ എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഇപ്പോൾ പദ്ധതികളൊന്നും നിലവിലില്ല. തിരുവനന്തപുരത്ത് കിഴക്കേകോട്ട മുതൽ ഓവർബ്രിഡ്ജ് വരെയുള്ള ഭാഗത്ത് ആറുവരിപാത നിർമ്മിച്ചിട്ടുണ്ട്.

ദേശീയപാത വികസനം

55 (706) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ദേശീയപാതകൾ വികസിപ്പിക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടന്നു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ എന്നേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ഓരോ പദ്ധതിയുടേയും തുക എത്രയാണ് ;

(ഡി) പുതുതായി ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഇ) പ്രസ്തുത പദ്ധതികൾ എന്നേക്ക് ആരംഭിക്കുവാൻ കഴിയും ;

(എഫ്) ഓരോ പദ്ധതികളുടെ ചെലവെത്ര വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലയിലെ കിലോ മീറ്റർ 29 മുതൽ 41/00 വരെയുള്ള 12 കിലോമീറ്റർ ഭാഗത്ത് ഐ.ആർ.ക്യു.പി. പരിപാടി പ്രകാരം വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. 5 സെന്റീമീറ്റർ ഘനത്തിൽ ബിറ്റുമെൻകോൺക്രീറ്റിംഗും 2.5 സെന്റിമീറ്റർ ഘനത്തിൽ ഫാൾട്ട് കോൺക്രീറ്റിംഗും ആണ് നടത്തുന്നത്.

(ബി) 2001 മാർച്ച് 31 ന് മുമ്പ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) അടങ്കൽ തുക 193 ലക്ഷം രൂപ.

(ഡി) ഐ.ആർ.ക്യു.പി. യിൽ ഉൾപ്പെടുത്തി കിലോമീറ്റർ 41 മുതൽ 58 വരെ 17 കിലോമീറ്റർ നീളത്തിൽ ബി.എം. & എ. സി. ചെയ്യുന്നതിനും എൻ.എച്ച് 17-ൽ കിലോമീറ്റർ 53/800-ൽ ജംഗ്ഷൻ ഇമ്പ്രൂവ്മെന്റിനും ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തി എൻ.എച്ച്. 17-ൽ കിലോമീറ്റർ 19/00 മുതൽ 24/200 വരെയും 27/300 മുതൽ 29/00 വരെയും നിലവിലുള്ള റോഡ് ഇമ്പ്രൂവ്മെന്റ് ചെയ്യുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് കേന്ദ്രറോഡു ഗതാഗതദേശീയപാത മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

(എഫ്) ഓരോ പദ്ധതികൾക്കും ഉദ്ദേശിക്കുന്ന ചെലവ് താഴെ പറയുന്നു.

1. കിലോമീറ്റർ 41/00 മുതൽ 58/00 വരെ ബി.എം.& എ.സി. ചെയ്യുന്നതിന് ഉദ്ദേശം 3.60 കോടി രൂപ.
2. കിലോമീറ്റർ 53/800 ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ് 0.30 കോടി രൂപ
3. കിലോമീറ്റർ 19/00 മുതൽ 24/900 വരെയും കിലോമീറ്റർ 27/300 മുതൽ 29/00 വരെയും ഇമ്പ്രൂവ്മെന്റ് 5.00 കോടി രൂപ.

കോഴിക്കോട് പുതിയങ്ങാടി പുതിയാപ്പ റെയിൽവേ ലെവൽ ക്രോസിന് അംഗീകാരം

56 (718) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുതിയങ്ങാടി പുതിയപ്പാ റെയിൽവേ ലവൽ ക്രോസിന് റെയിൽവേ ആവശ്യപ്പെട്ട മുഴുവൻ തുകയും അടയ്ക്കുവാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ അംഗീകാരം നൽകിയ തീയതി വ്യക്തമാക്കാമോ ;

(ബി) സർക്കാർ അംഗീകാരം നൽകിയ തുക മുഴുവനായും റെയിൽവേയ്ക്ക് അടിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തുക അടയ്ക്കുന്നതിൽ വീഴ്ച വന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) റെയിൽവേ ആവശ്യപ്പെട്ട 29,41,600 രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി 21-06-2000-ൽ നല്കിയിട്ടുണ്ട്.

(ബി & സി) 15,51,540 രൂപ റെയിൽവേയ്ക്ക് അടച്ചിട്ടുണ്ട്. ബാക്കി തുക ലഭ്യമാകുന്നമുറയ്ക്ക് റെയിൽവേയ്ക്ക് നൽകുന്നതാണ്.

കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

57(721) പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ 2000-2001 വർഷത്തിൽത്തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly